റോഡുകളുടേയും സംരക്ഷണത്തിനു് ഫ ഫ ഠവ മുതൽ തരാം, അ തിൻപ്രകാരം ബഡ്ജറ്റു് അയയ്ക്കണം എന്ന അതിൽ കാണിച്ചിരു ന്നു. അതിനുവേണ്ടി ന ഫ ,ഠഠഠ രൂപാ ചിലവു വരുമെന്നും കണ ക്കാക്കിയിരുന്നു. അങ്ങനെ ഒരു ലിസ്റ്റയയ്ക്കാനുണ്ടായ കാരണം തന്നെ അനവധികാലമായി ഈ പഞ്ചായത്തു റോഡുകളെ സം ബന്ധിച്ചു്—ആ റോഡുകളുടെ സംരക്ഷണയെ സംബന്ധിച്ചു്—പ ലതവണയും പറഞ്ഞു പറഞ്ഞു് തലയിൽകേറിയതിന്റെ ഫലമാ യിരിക്കുമെന്നാണു് ഞാൻ ധരിച്ചതു്. ഇപ്പോഴത്തെ അച്ചടിച്ച ബഡ്ജറ്റു് നോക്കിയപ്പോൾ, ന ള രൂപാ വ ണ. ർ സ; ന ള രൂപ ന ണ, ന ന രൂപ ഠണ. ഇങ്ങനെയാണു് പഞ്ചായത്തുറോഡുകളുടെ സംരക്ഷണത്തിനുവേണ്ടി ചേർത്തുകാണുന്നതു്. ആ ന ഫ ,ഠ ഠ ഠ രൂപായുടെ കണക്കേ ഇതിൽ ചേർത്തുകാണുന്നില്ല. സ്റ്റാൻറിംഗു് ഫൈനാൻസുകമ്മിറ്റിയുടെ നിശ്ചയപ്രകാരം ഫ ള ,ഠഠഠ രൂപാ കൊള്ളിച്ചിട്ടുണ്ടെങ്കിൽ കൂടുതൽ ന്യ,ഠഠ രൂപാ കൂടി കൊള്ളി ച്ചു് അതു മുഴുവൻ റോഡു സംരക്ഷണത്തിനു നീക്കിവച്ചാൽ ആ രും അരുതാത്തതാണതെന്നു പറകയില്ല എന്നു് എനിയ്ക്കറിയാം. തോടുവെട്ടാനും, കിണറു കഴിക്കാനും കുളം കഴിക്കാനും, മറ്റുമാ യി ഓരോ പഞ്ചായത്തുകളുടേയും സംഖ്യ എല്ലാം പോയി. അതി നാൽ മറ്റേതിനത്തിൽ നിന്നെങ്കിലും ഈ പഞ്ചായത്തുകളിലേ യ്ക്കു് ഈ ന ഫ ,ഠഠ രൂപയും ഉണ്ടാക്കികൊടുക്കണമെന്നപേക്ഷി യ്ക്കുവാനാണു് ഞാൻ ഈ ഉപക്ഷേപം അയച്ചിച്ചിട്ടുള്ളതു്. അതിനു വേണ്ട പണംകൂടി ഇല്ലെന്നുവച്ചാൽ സംരക്ഷണയില്ലാത്ത റോ ഡു് എങ്ങനെയാകും എന്നു ആലോചിയ്ക്കേണ്ടതാണു്. സാധാരണ യായിട്ടു് കല്ലിടുപണിയുന്ന റോഡുകളല്ല പഞ്ചായത്തു റോഡുകൾ. വെറുതെ ചാലിൽനിന്നും മണ്ണു കോരിയിട്ടു് അതിനെ തല്ലി ഉറ പ്പിയ്ക്കുകയേ ചെയ്യാറുള്ളു. ഈ റോഡുകളെല്ലാം കൊല്ലം തോ റും നന്നാക്കിയില്ലെങ്കിൽ രണ്ടുകൊല്ലംകഴിയുമ്പോൾ മുന്നാമത്തെ കൊല്ലം ആ സ്ഥലത്തു് റോഡുണ്ടായിരുന്നുവെന്നുപോലും തോന്നാ ന്നാതെയാകും. ഇങ്ങനെ അസംഖ്യം റോഡുകൾ സംരക്ഷണയി ല്ലാതെ കിടക്കുന്നതു് പഞ്ചായത്തു രജിസ്റ്റാരവർകൾക്കുതന്നെ ബോ ധ്യമായിട്ടുള്ളതാണു്. വണ്ടിപോലും പോകാത്ത റോഡുകൾ അ നവധിയുണ്ടു്. അവയെല്ലാം അനവധി ആയിരം ഉറുപ്പിക ചി ലവാക്കി പണിതിട്ടുള്ളതുമാണു്. അവിടെയെല്ലാം പഞ്ചായത്തു ര ജിസ്റ്റാരവർകൾ സർക്കീട്ടു വന്നു നോക്കീട്ടുമുണ്ടു്. പലതവ ണകളിലായിട്ടു് ഫ ള രൂറുപ്പികയാണു് തിരുവിലാമലയിലു ള്ള ഫ ള മൈയിൽ റോഡിനു ചിലവാക്കിട്ടുള്ളതു്. അപ്പോൾ ഒരു മൈലിനു് എത്രയെന്നു കണക്കാക്കിയാൽ മതി. വേറെ ചില അടിയന്തര പണികൾക്കു വേണ്ടി ഫ ള വു ഉറുപ്പിക തള്ളീട്ടു് ബാ ക്കിയുള്ള സംഖ്യയെ ഈ ഫ ള മൈയിലിനു ചിലവാക്കീട്ടുള്ളു.

LIBRARY ARCHIVES Kerala Legislative Assembly

അതെത്രയുണ്ടാകും? ഫനൊഴികയിൽ നഴിക കന്നക്ക് എന്തുണ്ടാകും? ഇവിടെ ഒരു പഞ്ചായത്തിന്റെ കാര്യം ദിഷ്ടാന്തപ്പെടുത്തി പറഞ്ഞുവെന്നേയുള്ളൂ. എല്ലാം ഇതുപോലെതന്നെയാണ്. ഇതു കരുതിയാണ് അന്നു് ഈ സംഖ്യ മുഴുവൻ ചേർക്കുവാനാവശ്യപ്പെട്ടതു്. ചേർത്തിരിയ്ക്കുമെന്നും ഞാനപ്പോൾ പ്രസ്താവിച്ചു. എന്നാൽ അതിപ്പോൾ ചേർത്തുകാണുവാനില്ല. അതുകൊണ്ടു് ആ സംഖ്യ ഏതിൽ നിന്നെങ്കിലും ഉണ്ടാക്കിക്കൊടുത്തു് റോഡുകളുടെ സംരക്ഷണം നടത്തണം. അല്ലെങ്കിൽ റോഡു നിർമ്മാണാർത്ഥം ഇതുവരെ പഞ്ചായത്തിനുകൊടുത്തിട്ടുള്ള പണം മുഴുവൻ നഷ്ടമാണു്. ഇതു സംബന്ധിച്ചു് അനവധി പ്രാവശ്യം പറഞ്ഞിട്ടുള്ളതിനെ വീണ്ടും മെമ്പർമാരിനെ ഓർമ്മിപ്പിയ്ക്കുവാനാണു് ഞാൻ ഈ കട്ടുമോഷൻ കൊണ്ടുവന്നിട്ടുള്ളതു്.

The house rose for lunch at 2 p. m. and met again at 3 p. m. with the Deputy President in the Chair.

Mr. P. V. Raphael.—Government regret that they have no more funds to allotfor this.

മിസ്റ്റർ പി. കുഞ്ഞനെഴുത്തച്ഛൻ.—സാർ, ഈ പഞ്ചായത്തു റോഡുകളെ നന്നാക്കുന്നതിനു് കൊല്ലംതോറും അനുവദിയ്ക്കുന്ന സംഖ്യ വളരെ കുറവാണു്. അതു് കൂട്ടിതലാക്കണമെന്നുള്ള വിഷയത്തിൽ ഒരു റസല്യൂഷൻ ഇക്കഴിഞ്ഞ കുംഭം session-ൽ തന്നെ ബഹുമാനപ്പെട്ട നെല്ലായി മെമ്പർ കൊണ്ടുവരികയും, അന്നു് അതിലേയ്ക്കു് ഗവർമ്മെൻറു മറുപടി പറയുകയും ചെയ്തിട്ടുണ്ടു്. ഇതാണു് റസല്യൂഷൻ.

"This Council recommends that allotments be made every year to the maintenance of all Panchayat roads as in the Public Works Department" അതിലേയ്ക്കു് ഗവർമ്മെൻറിനുവേണ്ടി പറഞ്ഞിട്ടുള്ള മറുപടി ഇങ്ങിനെയാണു്.

"Mr. P. V. Raphael.—Sir, the Government have already accepted the spirit of this resolution and have sanctioned enhanced provision for road maintenance from 1108. The present provision for road maintenance is about Rs. 18,000 and the Government have raised it to about Rs. 32,000 from 1108. All our important roads will also be brought under maintenance. Now we have not got any standard rates, but the Government have standardised the rates ranging from Rs. 40 to 100 per mile and we hope that under the arrangement now under contemplationour roads will be in a better condition".

"Here is a list covering 545 miles of road, but not including the roads opened in 1106. For this latter, I am preparing a supplementary list for submission to the Government".

കുംഭത്തിൽ ഇങ്ങനെമറുപടി പറഞ്ഞിട്ടു് കർക്കടകത്തിലെത്തിയപ്പോൾ ഗവർമ്മെൻറിനു് ഇത്ര വലിയ അപകടംപറ്റിയതെന്തുകൊണ്ടാണെന്നു് നിശ്ചയമില്ല. അഞ്ചൽ റോഡു കൂട്ടിയതുനിമിത്തം 8,000 രൂപാ കൂടുതൽ വരവുണ്ടെന്നു കണ്ടിട്ടും അതിൽ ഒരു പൈപോലും ആ ഇനത്തിൽ കൂട്ടാതെയാണു് ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുള്ളതു്.

രാമവർമ്മതമ്പുരാൻ.—അതു് ആലോചിയ്ക്കാഞ്ഞിട്ടല്ല. അതു Date-ൽ ഈ സ്റ്റീം ഒരിയായിട്ടില്ലായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ.—ഞങ്ങൾ ഈ ബഡ്ജറ്റ് session-ൽ വരുന്നതിനുമുമ്പ്—കക്കടകം പ്രവൃത്തി-ക്കു മുമ്പായിട്ടു തന്നെ അഞ്ചൽറോഡ് കൂട്ടിയിരിയ്ക്കുന്നുവെന്ന് ദസറാൽ കണ്ടിരിയ്ക്കുന്നു. ആ 8,000 രൂപ കൂടിയും ഇതിൽ ചേർത്തുകാണുന്നില്ല. ഇങ്ങനെയുള്ള സംഖ്യകളൊന്നും ചേർക്കേണ്ട വിധത്തിൽ ചേർക്കാതേയും, വേണ്ടാത്ത ചിലവുകളെല്ലാം ചേർത്തുമിരിക്കുന്നതായിട്ടാണു കാണുന്നത്. D. P. W. ൽതന്നെ ഈ പ്രവൃത്തിയ്ക്ക് ആവശ്യമില്ലാത്ത സംഖ്യകൾ ചേർത്തിരിയ്ക്കുന്നു. ഇക്കൊല്ലം കക്കടകം അവസാനിക്കുന്നതിനുമുമ്പുതന്നെ വരുന്ന കൊല്ലത്തെയ്ക്കുള്ള ആവശ്യമില്ലാത്ത ധാരാളം ചിലവുകൾ ചേർത്തുകാണുന്നുണ്ട്. അത്യാവശ്യമായ കാര്യങ്ങളെ സംബന്ധിച്ച് ബഹുമാനപ്പെട്ട മെമ്പർമാർ ചോദിയ്ക്കുമ്പോൾ ആലോചിയ്ക്കാമെന്നു ഗവൺമെൻറ് മറുപടിയും പറയുന്നുമുണ്ട്. ദിവാൻജി അവർകളുടെ കെട്ടിടത്തിൻറെ മുമ്പിലുള്ള ബോട്ടഷെഡ് അവിടെനിന്നും പെരുമാന്തുരിലേയ്ക്ക് മാറ്റം ചെയ്യുന്നവകയ്ക്ക് പ്രതിഷ്ഠം നസ്രായർ,വ 0 രൂപാ ചേർത്തിട്ടുണ്ട്. അതു് ഇപ്പോഴത്തെ കാലസ്ഥിയ്ക്ക് അത്ര വേഗത്തിൽ പ്രവൃത്തി തുടങ്ങേണ്ട ആവശ്യമുണ്ടോ എന്നുനോക്കിയാൽ—ബോട്ടഷെഡ് ഇപ്പോൾ ഇരിയ്ക്കുന്നതുകൊണ്ട് കുറച്ചു അസൌകര്യമുണ്ടായിരിയ്ക്കാമെങ്കിലും, അവിടെ ഇപ്പോഴത്തെ ദിവാൻജി താമസിയ്ക്കുന്നുവെന്നു വിചാരിച്ച് മാറ്റാൻ വിചാരിയ്ക്കുന്നതു് ആവശ്യമില്ലാത്തതാണ്. അതു് മാറ്റാതെയിരുന്നാൽ വളരെ അസൌകര്യങ്ങൾക്കു കാരണമാകുന്നുവെന്നു വരുമ്പോൾ അതിലേയ്ക്കുള്ള പണികൾ തുടങ്ങിയാൽ മതി. അല്ലാതെ വെറുതെ പണം ചിലവിടുന്നതുകൊണ്ട് ഒരാവശ്യവുമില്ല.

ഇനി വേറെ ഒരു ഉദാഹരണം പറയാം. റവന്യൂ ബഡ്ജറ്റിൽ കൊല്ലംതോറും തഹശീൽദാരന്മാരുടെ ടെയിനിംഗിനു വേണ്ടിയും താലൂക്ക് ഗുമസ്ഥന്മാരിൽനിന്നും സബ്ബ് ടെയിനിംഗിനു വേണ്ടിയും ഒരു സംഖ്യ ചേർക്കാറുണ്ട്. അതുപോലെ ഈ പ്രാവശ്യവും ഒരു പ്രത്യേക രൂപാ ഇവിടെ ചേർത്തിട്ടുണ്ട്. ഇതു് ആവശ്യമില്ലാത്തതാണ്. ഇപ്പോഴുള്ള തഹശീൽദാരന്മാർക്കെല്ലാം ടെയിനിംഗ് ഉണ്ട്. കൂടാതെ താലൂക്കിലുള്ള ഗുമസ്ഥന്മാരിൽതന്നെ ടെയിനിംഗ് കഴിഞ്ഞവരുണ്ട്. ഇങ്ങനെ നോക്കിയാൽ അനാവശ്യമായ ചിലവുകളും കൂടുതലായി ചേർത്തുകാണുന്നുണ്ട്.

കഴിഞ്ഞ കൗൺസിലിൽ ഗവൺമെൻറിനുനിന്നും പഞ്ചായത്തു റോഡ് മെയിൻറനൻസിനായി പ്രത്യേകമുതലിൽ നിന്നു 5,000 ആക്കുവാൻ ഉദ്ദേശിച്ചിട്ടുണ്ടെന്നു ബഹുമാനപ്പെട്ട നെല്ലായി മെമ്പർ പറഞ്ഞുവിശ്വസിപ്പിച്ചു് അദ്ദേഹത്തെക്കൊണ്ടു് ആ പ്രമേയത്തെ പിൻവലിപ്പിച്ച ഗവൺമെണ്ടു് ഇപ്പോൾ പണമില്ലാത്ത കാരണം പറഞ്ഞാൽ അതു വലിയ അന്യായമാണ്. ഗവൺമെൻറിനു് ഈ സംഗതിയ്ക്ക് പണമില്ലെങ്കിൽ ആവശ്യമില്ലാത്ത ചിലവുകളെ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മുക്കിയെടുത്തും അത്യാവശ്യമായ റോഡു മെയിന്റനൻസെങ്കിലും ചെയ്തുണ്ടാക്കി അതു് എത്രയും മുമ്പേ ചെയ്തുകൊടുക്കേണ്ടതാണു്.

മിസ്റ്റർ പി. എസ്സ്. കേശവൻനമ്പൂതിരി—ഈ സംഗതിയിൽ ഗവൺമെന്റിന്റെ നില ഒട്ടുംതന്നെ ആശാസ്യമായിട്ടുള്ളതല്ലെന്നാണു് എന്റെ അഭിപ്രായം. കൊച്ചീരാജ്യത്തുള്ള പഞ്ചായത്തുറോഡുകളെല്ലാംതന്നെ വളരെ മോശമായിട്ടാണിരിയ്ക്കുന്നതെന്നു എല്ലാവർക്കും അറിയാം. അതിനെപ്പറ്റി പറയാൻ വിചാരിയ്ക്കുന്നതുതന്നെ മോശമാണു്. റോഡുകൾക്കൊന്നിനും തന്നെ നല്ല വീതിയില്ല. റോഡുകളിൽ പല ഭാഗങ്ങളിലും ഇപ്പോൾ വണ്ടി പോകുന്നില്ലെന്നു മാത്രമല്ല, ആളുകൾക്കു നടക്കുവാൻ കൂടി വളരെ പ്രയാസമാണു്. റോഡിലുള്ള ചരലുകളെല്ലാം ഇളകി ആകപ്പാടെ കുഴിയും കുണ്ടുമായിട്ടാണിരിയ്ക്കുന്നതു്. ഇങ്ങനെ വരുന്നതിന്റെ കാരണംതന്നെ റോഡുകൾക്കു കൊല്ലം തോറും സംരക്ഷണ ചെയ്യാതിരിയ്ക്കുന്നതുകൊണ്ടാണു്. അങ്ങനെ സംരക്ഷണയില്ലാതെയിരുന്നാൽ റോഡുകൾ ഉള്ള സ്ഥലമാണെന്നു കണ്ടുപിടിയ്ക്കാൻ ഒടുവിൽ പ്രയാസമായിട്ടുവരും. ഇവിടെ പ്രധാനർ മെമ്പർ പറഞ്ഞ ഒരു പഞ്ചായത്തു റോഡിനു് സംരക്ഷണ വകയ്ക്കു 100 -ൽ ചിലപ്പോൾ രൂപയാണു് അനുവദിച്ചിട്ടുള്ളതെങ്കിൽ ഞാൻ ഇവിടെ പറയുന്നതിനു് പഞ്ചായത്തു റോഡുകൾക്കു് 500 നാഴിക നിളമുണ്ടു്.

മിസ്റ്റർ പി. വി. റാഫേൽ.—ഇല്ല; അഞ്ചിൽ ചിലപ്പോൾ വരുകയുള്ളു.

മിസ്റ്റർ പി. എസ്സ്. കേശവൻനമ്പൂതിരി—അതു് എന്റെ സ്വദേശമാണു്. ഞാൻ അവിടെതന്നെ ജനിച്ചു വളർന്നിട്ടുള്ളവനാണു്. അവിടെ ഒരു റോഡിനെതന്നെ ഏകദേശം മൂന്നു നാഴിക നീളമുണ്ടു്. പഞ്ചായത്തു രജിസ്റ്റാരവർകൾ കൂടെ വന്നാൽ ഒന്നു നടത്തി അതിന്റെ ദുഷ്ടാന്തം കാണിച്ചുതരാം.

മിസ്റ്റർ പി. വി. റാഫേൽ.—അങ്ങനെ തിട്ടപ്പെടുത്തിയിട്ടുള്ളതാണു്. അഞ്ചു മയിൽ ചിലപ്പോൾ. അതു സ്ഥലത്തു് റോഡുള്ളു.

മിസ്റ്റർ പി. എസ്സ്. കേശവൻ നമ്പൂതിരി.—ഈ പത്തു മയിൽ റോഡിന്റെ സംരക്ഷണയ്ക്കു് ഒരു രൂപയോ മറ്റോ അനുവദിച്ചിട്ടുണ്ടു്. ഈ തുക അതിന്റെ സംരക്ഷണയ്ക്കു് ഒട്ടുംതന്നെ മതിയാകയില്ല. ഈ മാതിരി റോഡുകളെല്ലാം ഇങ്ങനെ അനാഥസ്ഥിതിയിലിട്ടാൽ കുറച്ചുകാലം കഴിയുമ്പോൾ റോഡുകൾ അടിയെ പണിയേണ്ടിവരും. "തെയ്യാത്ത എണ്ണ ധാര" എന്നു പറയുന്നതുപോലെ ഈ രീതിയിൽതന്നെ റോഡു കിടന്നാൽ കുറെ കാലം കൂടി കഴിയുമ്പോൾ റോഡു വെട്ടുവാനുള്ള ചിലവു് മുഴുവനും എടുക്കേണ്ടിവരും. അതിനിടവരാത്തവിധത്തിൽ ഇപ്പോഴുള്ള

റോഡുകളുടെ ശരിയായ സംരക്ഷണത്തിനു വേണ്ടിയുള്ള പണം ചിലവാക്കുകയാണു വേണ്ടതു്. അന്യായമായും ന്യായമായും ഗവൺമെൻറിലേയ്ക്കു പണം ചിലവാക്കേണ്ടതു്? അതുകൊണ്ടു് ഇപ്പോൾ ഇതിൽ പിശുക്കു പിടിയ്ക്കാതെ എവിടെ നിന്നെങ്കിലും പണം ഉണ്ടാക്കി കൊടുക്കണം. എന്നാൽ എവിടെനിന്നു, എങ്ങിനെയാണു് പണമുണ്ടാക്കേണ്ടതു് എന്നു പഞ്ചായത്തുമെമ്പർ ചോദിയ്ക്കുമായിരിയ്ക്കാം. അങ്ങിനെ ഏതുവഴിയാണുള്ളതെന്നു് ഞങ്ങളോടു് അഭിപ്രായം ചോദിച്ചാൽ അപ്പോൾ പറയാം. അതിനു് മുമ്പുതന്നെ ന്യായമായവിധത്തിൽ ഗവൺമെൻറിനു് പണം ഉണ്ടാക്കുവാൻ മാർഗ്ഗമുണ്ടെന്നു് ഞങ്ങൾ ഉപദേശിയ്ക്കേണ്ട ആവശ്യമില്ല. എങ്ങിനെയായാലും ഈ സംഗതിയിൽ ഗവൺമെൻറു് പ്രത്യേകം ശ്രദ്ധ പതിപ്പിച്ചു് റോഡുകളെ സംരക്ഷിയ്ക്കുവാനുള്ള മാർഗ്ഗം കണ്ടുപിടിയ്ക്കണമെന്നുള്ള അഭിപ്രായത്തോടുകൂടി ഞാൻ ഇതിനെ ബലമായി പിൻതാങ്ങുന്നു.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—ഈ പഞ്ചായത്തു ഡിപ്പാർട്ടുമെണ്ടിനു് ഇപ്പോൾ ഉള്ള റോഡുകൾ രക്ഷിയ്ക്കാൻ സാധിയ്ക്കയില്ലെങ്കിൽ പിന്നെയും എന്തിനു് പുതിയ റോഡുകൾ സൃഷ്ടിയ്ക്കുന്നു. അതിനൊരു ചെറിയ ഉദാഹരണം പറയാം. ഈ കെട്ടിടം തന്നെ എടുക്കാം. ഈ കെട്ടിടത്തിൽ മേൽ ഭാഗത്തു നിന്നു് ൫, ൧൦൦, ൧൫൦ ഓട്ടകൾ പോയി എന്നു വിചാരിയ്ക്കുക. അതുമുഴുവൻ ഓട്ടകൾ മാറിയില്ല എങ്കിൽ കെട്ടിടം മുഴുവൻ ചീത്തയാകും. ൫൦൦ രൂപാ ചിലവാക്കാൻ മടിച്ചാൽ ഒടുവിൽ ൧൦,൦൦൦-ം ൨൦,൦൦൦-ം നഷ്ടമാകും. അതുപോലെ ഒരു റോഡുണ്ടാക്കിയാൽ അതിനെ കൊല്ലം തോറും രക്ഷിച്ചില്ലെങ്കിൽ—ഒരു കൊല്ലം രക്ഷിച്ചില്ലെങ്കിൽ—ആ റോഡു് ചീത്തയാകും. ൧,൦൦൦ രൂപാ ചിലവിട്ടു പണിയിച്ച റോഡുകൾ ഇപ്രകാരം രക്ഷയില്ലാതായാൽ പിന്നെ വീണ്ടും ൧,൦൫൦ രൂപാ കൂടി ചിലവു ചെയ്താലെ റോഡു പഴയ സ്ഥിതിയിൽ ആക്കുവാൻ കഴിയുകയുള്ളൂ. അതുകൊണ്ടു് ഓരോ കൊല്ലവും വരുന്ന ചില്ലറ കേടുകൾ തീർത്തുകൊണ്ടിരുന്നാൽ ഈ ൧,൦൦൦ രൂപയും ആദായമാണു്. ചെറിയ സംഖ്യ റോഡുനന്നാക്കുന്നതിനു് ചിലവുചെയ്യാൻ മടിച്ചാൽ പിന്നെ അതിന്റെ ർ, ഇ ഇരട്ടി സംഖ്യ ആ റോഡുകൾ സൃഷ്ടിയ്ക്കുന്ന വകയിൽ നഷ്ടപ്പെടേണ്ടിവരും. അതുകൊണ്ടു് റോഡുകൾക്കു് രക്ഷ ചെയ്യാതിരിയ്ക്കുവാൻ പാടില്ല എന്നാണു് എനിയ്ക്കു പറയുവാനുള്ളതു്.

മിസ്റ്റർ ഇ ഇക്കണ്ടവാരിയർ.—പഞ്ചായത്തു റോഡുകളെ സംബന്ധിച്ചു് ആകെ ൨൨,൦൦൦ രൂപാ അനുവദിയ്ക്കാമെന്നു് കഴിഞ്ഞ കൊൺസിലിൽ ഗവൺമെൻറു് പറഞ്ഞിട്ടുണ്ടു്. എന്നാൽ ഇക്കൊല്ലത്തെ ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുള്ളതിൽ ഊന. എത്ര പോരാതെവരുമെന്നു പറഞ്ഞാൽ കൊള്ളാം?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. വി. റാഫേൽ.—ഇപ്പോൾ ഫനു,ഠ ഠ ഠ രൂപയാണ് ചേർത്തിട്ടുള്ളതു്.

മിസ്റ്റർ ഇ. ഇക്കണ്ടവാര്യർ.—ഇപ്പോൾ സാധാരണയുള്ളതു പോലെയല്ലേ പ്രൊവൈഡ് ചെയ്യുന്നതു്? സാധാരണ ഫവു,ഠഠഠ രൂപയാണല്ലോ പ്രൊവൈഡ് ചെയ്യാറുള്ളതു്. കഴിഞ്ഞകൊല്ലം ഫനു,ഠഠ ക. യായിരുന്നു, ഫഫഠ ലേക്കാം ൪,ഠഠഠ രൂപാ കൂടുവാണിതു്.

മിസ്റ്റർ പി. വി. റാഫേൽ.—കഴിഞ്ഞ തവണ ൪,ഠഠഠ രൂപാ അധികമായിരുന്നു.

മിസ്റ്റർ സി. എൻ. ഇട്ടിരവിനമ്പൂതിരി—റോഡ് എത്ര കൂടിയിട്ടുണ്ടാകും?

മിസ്റ്റർ പി. വി. റാഫേൽ—പത്തിരുപതു നാഴിക കൂടിയിട്ടുണ്ടാകും.

മിസ്റ്റർ ഇ. ഇക്കണ്ടവാര്യർ.—ഈ ഫവു,ഠഠഠ രൂപാ ആവശ്യമുണ്ടോ എന്നുള്ളതിനെപ്പറ്റി രണ്ടഭിപ്രായമില്ല. പക്ഷെ ഇതിനെപ്പറ്റി രണ്ടു വാക്കുകൂടി പറവാനുണ്ടു്. ഒരു ടെണ്ണിൽ വല്ല കെട്ടിടമോ മറ്റോ പണിയുവാൻ നഠ,ഠഠഠ രൂപയോ ൫ഠ,ഠഠഠ രൂപയോ അല്ല ചോദിയ്ക്കുന്നതു്. ഉഷ്ണകാലത്തു് ഒരു മഴ പെയ്താൽ നാട്ടിലെല്ലാവർക്കും ക്ഷാമം നീങ്ങുകയും എങ്ങിനെ ഒരു കുളിർമയുണ്ടാവുകയും ചെയ്യുമോ അതുപോലെ ഈ നാടൊട്ടുക്കു് വളരെ ഉപകാരപ്രദമായിതീരുന്ന ഒന്നാണു് റോഡ്. വാഴാനി മുതലായ ദിക്കുകളിൽ നെല്ലിനു് ഇപ്പോൾ നഫണ, ർ അണ.യേ വിലയുള്ളു. അതു് വടക്കാഞ്ചേരിയിലോ മറ്റോ കൊണ്ടുപോയി വില്ക്കണമെങ്കിൽ ഇപ്പോഴത്തെ നിലയ്ക്കു് നഫ അണ കൂടി ചിലവു വരും. എന്നാൽ റോഡുകളുണ്ടാക്കി കൊടുത്താൽ ഈ തരക്കാർക്ക് ഈ Depression കാലത്തു് ഇതിലും ഉപകാരപ്രദമായി വേറെയൊന്നും ചെയ്യേണ്ടതില്ല. സംഖ്യയില്ലെന്നുള്ളതിനു്—tender reduction ധാരാളം കിട്ടുന്നുണ്ടു്. P. W. D. works മുഴുവനും കൊടുക്കുന്നതു് പഴയ rate അനുസരിച്ചാണെന്നു് ഇവിടെ പറയുകയുണ്ടായി. എന്നാൽ contract ഇതനുസരിച്ചു കൊടുത്തിട്ടില്ലെങ്കിൽ tender reduction കിട്ടുന്നതല്ല. അങ്ങിനെ കൊടുത്തിട്ടില്ലാത്ത work കളുടെ ഒരു കണക്ക ഞാൻ Standing Finance Committee-യിൽ സമർപ്പിച്ചിട്ടുണ്ടു്. ൽ ലക്ഷം രൂപായുടെ contract ഈ കൊല്ലം കൊടുക്കുവാനുണ്ടാകും. അതു വകയിൽ ചുരുങ്ങിയതു് ഫ ഠ % എങ്കിലും tender reduction ഉണ്ടാകും. റോഡുകൾക്കും മറ്റും ൨ ൫ മുതൽ നഠ വരെ reduction കിട്ടുന്നുണ്ടു്. ഫഠ-ൽ കുറഞ്ഞു് യാതൊരു work-ും ഉണ്ടെന്നു് തോന്നുന്നില്ല. College മാത്രം ന്റ % കുറച്ചാണു് കൊടുത്തിട്ടുള്ളതെന്നു തോന്നുന്നു. എങ്ങിനെയായാലും ൪,ഠഠഠ രൂപാ tender reduction വകയിൽ കിട്ടുന്നതാണു്. ഇതിൽ കുറ

LIBRARY ARCHIVES Kerala Legislative Assembly

ച്ചേ വിളിയ്ക്കുവാൻപാടുള്ളു എന്നു പറഞ്ഞാലും അളണ്ടാകും. അതുകൊണ്ടു് ഈ പറഞ്ഞ ആദായത്തിനു് സംശയമൊന്നുമില്ല. അതിൽനിന്നും ഒരു പതിനെണ്ണായിരം രൂപാ ഉൾനാട്ടുകാക്കു് അനുഭവിയ്ക്കത്തക്കവിധത്തിൽ റോഡുകളോ ഇടവഴികളോ നന്നാക്കുവാനായിട്ടു് ഗവൺമെൻറിനു് എടുത്തു ചിലവു ചെയ്യുവാൻ യാതൊരു ബുദ്ധിമുട്ടും ഉണ്ടായിരിയ്ക്കയില്ല. ഇപ്പോൾ നാട്ടുകാരുടെ ഗുണത്തെപ്രതി ആലോചിയ്ക്കുകയാണെങ്കിൽ ഈ ബഡ്ജറ്റിൽ പ്രൊവൈഡു് ചെയ്തിട്ടുള്ള സംഖ്യകൊണ്ടു് നാടു് ഒട്ടുക്കു് സന്തോഷവും സമാധാനവും ഉണ്ടാകുവാൻ ഒരു വഴിയുമില്ല. അവക്കു് ഇതിൽപരം ഉപകാരപ്രദമായി വേറെ ഒന്നുംതന്നെ ചെയ്തുകൊടുക്കാനില്ല. അതുകൊണ്ടു് ഈ ഒരു ഇനം കൂടി ഗവൺമെൻറിനെ കാണിച്ചു കൊടുക്കുവാൻ വേണ്ടിയാണു് ഞാൻ ഇത്രയും പറഞ്ഞതു്. ഈ മാർഗ്ഗമെങ്കിലും ഗവൺമെൻറു് അനുസരിച്ചു് ചെയ്യുമെന്നു വിശ്വസിയ്ക്കുന്നു.

Mr. V. K. Aravindaksha Menon.—On a point of information, I may say the Hon'ble Member for Urakam has suggested that tender deduction from works in the Public Works Department may be diverted elsewhere. But it is not possible to do so because in our Budget for 1107 we have not provided for 2 important works, I mean, the Korayar Bridge and the Chengal thodu bridge. These two works will require at least an additional amount of Rs. 50,000 so that it is not possible to divert any savings which we may make in the Public Works Department in the year 1108.

Mr. Joseph Pettah.—Is it not possible to postpone the construction of these bridges?

Mr. V. K. Aravindaksha Menon.—No. It is not possible. Works have already been started and we have spent an amount of about Rs. 25,000 on the Korayar Bridge and about Rs. 20,000 on the Chengal thodu bridge. We want another Rs. 50,000 more.

Mr. E. Ikkanda Warriar—Even then there will be Rs. 25,000.

Mr. V. K. Aravindaksha Menon.—There was another motion already moved in this House that savings from the roads ought to be spent on roads themselves.

Mr. P. V. Raphael.—Sir, the subject of the maintenance of the Panchayat roads has come up before the attention of this Council ever since its inauguration in 1100 and no meeting has perhaps passed by without some advertence to this topic. Government have also realised the importance of the question and have given due consideration to it. A scheme has been sanctioned and a standardised system of road maintenance has been

LIBRARY ARCHIVES Kerala Legislative Assembly

approved involving very heavy additional cost, but they regret very much that the scheme could not be given effect to due to the present financial crisis.

However, much we may desire for the further improvement of our roads, I may at once submit for the information of the House that our Village roads are considerably better than what they are elsewhere; and in support of this I may quote a passage from Problems of Rural India by Mr. N. N. Gangulee, a member of the Linlithgow Commission on Agriculture. Speaking of village roads in British India he says:—

"The village road is a mockery. It is a series of ruts of lesser or greater dimensions".

Mr. George Chakyamuri.—Perhaps he has not seen the Cochin Roads.

Mr. P. V. Raphael.—Unfortunately, he does not seem to have seen the Cochin Roads. If he had seen the Cochin Roads, he might have had a better impression. I am not however, speaking this as a justification of the way in which we are maintaining our Panchayat roads, though in actual fact our roads are much better.

We do recognise that the improvement of Village communications has a direct bearing on the material progress of the country as a whole. We shall, therefore, try to utilise the tender deduction and other savings so generously allowed by the Government for purposes of our road maintenance, if more urgent works are not proposed by the Panchayats concerned with these savings. We are prepared even in these days of financial stringency to do whatever we can in this direction. The Government regret that they have not got additional funds to provide for this but they will try to see if the roads can be improved.

മിസ്റ്റർ ടി. കെ. നായർ.—ഗവൺമെൻറ് പറയുവാൻപോകുന്ന മറുപടി മുൻകൂട്ടി അറിഞ്ഞുതന്നെയാണ് ഈ ഉപക്ഷേപം ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. പഞ്ചായത്തിലേയ്ക്ക് കൂടുതലായിട്ട തുകയുടെ വിചാരിച്ച സംഖ്യ തരുവാൻ സാധിയ്ക്കാത്തതിൽ സങ്കടമുണ്ടെന്നും ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞു കേൾക്കുകയുണ്ടായി. ഉള്ളതു—തരാമുള്ളതു—തന്നതോ എന്നാണ് ഞാൻ ചോദിക്കുന്നതു. ഈ ഇനത്തിൽ കഴിഞ്ഞകൊല്ലം തന്ന ൫൫,൦൦൦ രൂപിക തരുവാൻ സാധിച്ചിട്ടില്ലെന്നു മാത്രമല്ല ൨,൯൫,൦൦൦ ആയിരുന്ന കഴിഞ്ഞ കൊല്ലത്തെ പഞ്ചായത്തുവകയെ ഇക്കൊല്ലത്തിൽ ൨,൨൫,൦൦൦ ആക്കി വർദ്ധിപ്പിച്ചിരിക്കുന്നു! ഈ സംഖ്യയിൽനിന്നു വേണം മാർച്ചണികം നടത്തി റോഡു സംരക്ഷത്തിനു പണമുണ്ടാക്കാൻ! എത്ര കഷ്ടമാണ് ഈ നിർദ്ദേശം! സാധാരണപോലെ ൫൫,൦൦൦ രൂപികയെങ്കിലും അനുവദിക്കാ

LIBRARY ARCHIVES Kerala Legislative Assembly

മായിരുന്നില്ലേ? ഈ സംഖ്യ തികയ്ക്കാൻ പോലും വേറെ മാർഗ്ഗമൊന്നും ഗവൺമെണ്ടിന് കണ്ടില്ലെന്നോ? ഉൾനാടുകളിലേയ്ക്ക് വേണ്ടി ഇപ്പോൾ ഗവൺമെൻറ് എന്തു ചെയ്യുന്നു? വൻ ലക്ഷം രൂപായോളം ബഡ്ജറ്റിൽ ചേർത്തിട്ട് ഉൾനാടുകളിൽ അത്ര വലിയ സംഖ്യ ചിലവുണ്ടാകുന്നുവെന്ന് വേണമെങ്കിൽ ഗവൺമെൻറുദ്യോഗസ്ഥന്മാർ ഒരുകണക്കുണ്ടാക്കി പറയുമായിരിക്കും. എത്രസംഖ്യയാണ് മരാമത്ത് വകയ്ക്ക് ചിലവാകുന്നത്? അതുപോലുള്ള എത്ര കെട്ടിടങ്ങളാണ് ഒന്നും രണ്ടും കൊല്ലങ്ങൾക്കു മുമ്പെതന്നെ പണികഴിപ്പിക്കുന്നത്? അധികച്ചിലവ് എല്ലാം ഈ മാതിരി കായ്ങ്ങൾക്കു വേണ്ടിയല്ലേ ചെയ്യുന്നത്? സുഖപദവിയിലിരിയ്ക്കുന്നവരുടെ ആദായം സ്വല്പം കുറഞ്ഞുപോയാൽ എന്താണ് വരാനുള്ളത്? ഈ കോളേജു കെട്ടിടം, ദിവാൻജിയുടെ കെട്ടിടം ഇവയുടെ പണികൾ അടുത്ത കൊല്ലത്തേക്കു നീക്കിയിട്ടെന്താണ്? അതുപോലുള്ള കായ്ങ്ങൾക്കു വേണ്ടിയുള്ള സംഖ്യ അങ്ങനേയും എടുക്കാൻ കഴിയുമെന്നാണ് ഞാൻ പറയുന്നത്. പഞ്ചായത്തിനു പണമുണ്ടാക്കാൻ ഗവൺമെൻറ് ഇപ്പോൾചിലവുചെയ്യുന്ന എത്രയെത്ര ചിലവുകൾമുടക്കിക്കൂടാ? വരവില്ലാത്തതെന്നാണ് പഞ്ചായത്തു ഡിപ്പാർട്ടുമെണ്ടു്. ഗ്രാമീണരാണ് ആ ഡിപ്പാർട്ടുമെണ്ടു കൊണ്ടുള്ള ഗുണമനുഭവിക്കേണ്ടവർ. ഇവർക്കായി ഈ ഡിപ്പാർട്ടുമെണ്ടുവഴി കൊല്ലംതോറും വേണ്ടത്രപണം കൊടുക്കാൻ ഗവൺമെൻറിന്റെ ധനസ്ഥിതിയനുവദിക്കുന്നില്ലെങ്കിൽ മറ്റു ഡിപ്പാർട്ടുമെണ്ടുകളിലെ ചിലവു മുടക്കിയും ഇതു ചെയ്യേണ്ടതാണ്. അല്ലാതെ മറ്റു വകുപ്പുകൾക്കുവേണ്ടി പഞ്ചായത്തിനെ, ഗ്രാമീണരെ, പട്ടിണിക്കിട്ടുകയല്ലാ വേണ്ടതു". പഞ്ചായത്തിന്റെ പണം ഒരു ഡിപ്പാർട്ടുമെൻറും ആവശ്യപ്പെടുകയില്ല. പഞ്ചായത്തിൽ പണമില്ലെന്നുള്ളതുകൊണ്ടാണ്" ആവശ്യപ്പെടാത്തതും. ഈവക കായ്ങ്ങളെ സംബന്ധിച്ച് ഞങ്ങൾ പറയുമ്പോൾ ഇങ്ങനെയുള്ള തൊടന്യായങ്ങളൊന്നും പറഞ്ഞാൽ ഞങ്ങൾ കേൾക്കുകയില്ല. ഈ കായ്യത്തെ കുറിച്ച് ഇവിടെ പലപ്രാവശ്യവും പ്രസംഗിച്ചു കഴിഞ്ഞിട്ടുള്ളതാണ്. ഞങ്ങൾ ഇങ്ങനെ പ്രസംഗിയ്ക്കുന്നതു് ഞങ്ങളുടെ തമ്പും നിങ്ങളെ കേൾപ്പിയ്ക്കുവാനായിട്ടല്ല; പരമാർത്ഥത്തിൽ നാട്ടുകാർക്കുള്ള സങ്കടത്തെ അറിയിയ്ക്കുവാനായിട്ടാണ്. ഞങ്ങളുടെ തമ്പുംകേൾപ്പിക്കുമാത്രമേ വേണ്ടുവെങ്കിൽ അതിവിടെ വന്നിട്ട് ഇവിടെ വച്ചുതന്നെ വേണമെന്നില്ല. അതിനു യാതൊരു പ്രയാസവും മനുഷ്യർക്കുണ്ടാകാത്ത സ്ഥലം വേറെയുണ്ട്.

പഞ്ചായത്തുവഴിയായിട്ടല്ലാതെ ഉൾനാടുകൾക്കു ഗുണംചെയ്യാൻ ഇന്നു സാധിക്കയില്ലെന്നു ഗവൺമെണ്ടിനു നല്ലപോലെ അറിയാം. എന്നിട്ടും പഞ്ചായത്തുകാരുടെ, ഉൾനാടുകാരുടെ, ആവശ്യങ്ങളെ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ന്നെങ്കിലും പറയുമ്പോൾഅതിലെല്ലാം റിട്ടെന്റ്മെന്റിന്റെ കാര്യമാണ്' ഗവമ്മെൻറ കൊണ്ടുവരുന്നത്'. വേണമെങ്കിൽ അവിടെയുള്ള രജിസ്ട്രാഫീസിന്റെ കാര്യവും പറയും. ഇങ്ങനെ ഉദ്യോഗാർത്ഥികളെ ദ്രോഹിച്ച് പണമുണ്ടാക്കിട്ട് പട്ടിണിക്കിട്ടു മരിപ്പിക്കുന്നതിനു അവിടെ ചിലവാക്കി, ഇവിടെ ചിലവാക്കി എന്നൊന്നും നിങ്ങൾ കണക്കു പറഞ്ഞാൽ പോരാ. നാട്ടുകാർക്ക് ആവശ്യങ്ങൾ നടക്കാൻ വേറെ വഴിയൊന്നുമില്ല. അതുകൊണ്ട് ഗവമ്മെൻറ് ഇതിനെകുറിച്ചാലോചിച്ച് വേണ്ടതു ചെയ്യില്ലെങ്കിൽ ജനങ്ങൾക്ക് അതൃപ്തിയുണ്ട് എന്നുള്ളതു് ഇവിടെ ബോധിപ്പിയ്ക്കുവാൻവേണ്ടി ഞാൻ ഇതിനെ പ്രസ്താവിയ്ക്കുന്നു.

The motion was put and carried.

Mr. T. K. Nayar.—A poll, Sir.

The House divided:—Ayes—18, Noes—2, and Neutrals—12.

Ayes.

1 Mr. K Ayyappan
2 ,, A Eachara Menon
3 ,, K M Ibrahim
4 ,, E Ikkanda Warriar
5 ,, C N Ittiravi Nambudiri
6 ,, Joseph Pettah
7 ,, P S Kesavan Nambudiri
8 ,, M Krishna Menon
9 ,, T K Nayar
10 Mr. P Kumaran Ezhuthassan
11 ,, A I Mani
12 ,, T A Ramachandra Ayyar
13 ,, P Raman Menon
14 Dr. A R Menon
15 Mr. A Sankara Menon
16 ,, A Sankara Poduval
17 Dr. K Sankara Menon
18 Mrs. Swaris

Noes.

1 Mr. M A Chakko
2 ,, K P Vallon

Neutrals.

1 Mr. V K Aravindaksha Menon
2 ,, George Chakyamuri
3 ,, U Kandar Menon
4 ,, K P Kannan Nayar
5 Rao Sahib Mr. T V Kasturi Ranga Ayyar
6 Mr. C J Mathew
7 Mr. T Narayana Menon
8 ,, P Nilakanta Menon
9 Dr. D Raghavendra Rao
10 Rama Varmha Tampuran
11 Mr. P V Raphael
12 ,, P V Subramania Ayyar

Motions Nos. 6—8.

As the following motions were not moved they were considered witharawn.

1. Mr. E. Ikkanda Warriar.—*To reduce the allotment of Rs. 13,571 for communications—Maintenance by Re. 1.*
(*To bring to the notice of the Government the inadequacy of the funds provided for the maintenance of Panchayat roads.*)

2. Mr. E. Ikkanda Warriar.—*To reduce the allotment of Rs. 19,103 for repairs—communications by Re. 1.*
(*To bring to the notice of the Government the urgent necessity of repairing the Thevar road in Trichur Taluk.*)

3. Mr. A. I. Mani.—*To reduce the allotment of Rs. 64,603 for communications by Re. 1.*

(*To urge upon the Government the absolute necessity of opening a road from the Chalakkudi Railway Station to Mala.*

Motion No. 9.

Mr. K. Ayyappan.—*To reduce the allotment of Rs. 15,628 for Grants-in-aid to Ayurvedic Dispensaries by Re. 1.*

വൈദ്യശാലകളിൽ മരുന്നു കൊടുക്കുവാനും, വൈദ്യന്മാരുടെ ശമ്പളത്തിനുമായിട്ടു ആകെ 15 0 ഉറുപ്പികയാണ് ഒരു മാസത്തിൽ കൊടുക്കുന്നതു്. അതിൽ ഏതോ ഒരംശംകൊണ്ടു കേരളീയ ആയുർവ്വേദ സമാജത്തിൽ നിന്നു് മരുന്നു വാങ്ങിക്കൊണ്ടുവന്നുകൊടുക്കണം. ഈ വൈദ്യന്മാർക്കു് അവരുടെ വൈദ്യശാലയിൽതന്നെ മരുന്നുണ്ടാക്കുവാൻ അനുവാദമില്ല. അതുകൊണ്ടു് ഓരോ സ്ഥലത്തുമുള്ള ജനങ്ങൾക്കു് ശരിയ്ക്കു മരുന്നു കിട്ടാതെ വളരെ ബുദ്ധിമുട്ടു നേരിടുന്നുണ്ടു്. എന്നാൽ ഗവർമ്മെൻറു് അതിലേയ്ക്കുവേണ്ടി കുറെകൂടി പണം അനുവദിച്ചു കൊടുത്താലും അവരുടെ ബുദ്ധിമുട്ടു തീരുകയില്ല. വൈദ്യന്മാർക്കു തന്നെ മരുന്നുണ്ടാക്കുവാൻ അനുവാദം കൊടുത്താൽ മാത്രംമതി. മരുന്നുണ്ടാക്കാൻ വേണ്ടി വലിയ ആയുധസാമഗ്രികളൊന്നും വേണമെന്നില്ല. ഉരുളി, ഉലക്ക, അമ്മി, ഉരലു് എന്നിവയാണു് ഒരു ആയുർവ്വേദ ഫർമകൊപ്പിയിലെ സാമഗ്രികൾ.

ഈ മരുന്നുകളെല്ലാം ആയുർവ്വേദ സമാജത്തിൽ നിന്നുവാങ്ങുന്നതായാൽ അതിനു വേറെ ഒരു ദോഷവുമുണ്ടു്. അവ ടെനിന്നും പൊടിയും മറവും വാങ്ങിയാൽ ഒരുമാസം കഴിയുമ്പോൾ ഒന്നിനും കൊള്ളാതെ തീരെ ചീത്തയാകും. അതുപോലെതന്നെ ഗുളികകളും വാങ്ങിച്ചു വച്ചിരുന്നാലും വേഗം ചീത്തയാകും. മരുന്നുകൾ പ്രയോഗിയ്ക്കുന്ന കാര്യത്തിൽ—വൈദ്യന്മാർക്കു തൃപ്തിയുണ്ടാകണമെങ്കിൽ അവരവർ തന്നെ മരുന്നുകളെല്ലാം ഉണ്ടാക്കണം. ഇംഗ്ലീഷു മരുന്നുകൾ വാങ്ങിക്കുന്നതുപോലെ നാട്ടുമരുന്നുകൾ വാങ്ങേണ്ട ആവശ്യമില്ല. ഇംഗ്ലിഷു മരുന്നുകളൊന്നും ഇവിടത്തെ ഡാക്ടർമാർക്കുണ്ടാക്കുവാൻ സാധിക്കയില്ലല്ലൊ. എന്നാൽ ഈ മരുന്നുണ്ടാക്കുവാനുള്ള അനുവാദം വൈദ്യന്മാർക്കു കൊടുത്തു കഴിഞ്ഞാൽ അവർതന്നെ മരുന്നുണ്ടാക്കിക്കൊള്ളും. മരുന്നുകളെല്ലാം തന്നെ ഈനാട്ടിൽകിട്ടുവാനും പ്രയാസമില്ല. അതിനു തീരെ വിലയുമില്ല. ഇതു് ഞാൻ വെറുതെ പറയുന്നതല്ല. വൈദ്യത്തെ സംബന്ധിച്ചു് എനിയ്ക്കും കുറെ പരിചയമുണ്ടു്. ധാരാളം വൈദ്യന്മാരുമായി പരിചയിച്ചിട്ടുള്ളവനും, വൈദ്യന്മാരുടെ കുടുംബത്തിൽ ജനിച്ചു വളർന്നവനുമാണു ഞാൻ. അല്ലാതെ വെറും ഭാവനാശക്തിവച്ചു പറയുന്നതല്ല. മരുന്നുകൾ ഉണ്ടാക്കുവാൻ വൈദ്യന്മാർക്കു അനുവാദം കൊടുത്താൽ ഇപ്പോൾ അനുവദിച്ചിട്ടുള്ള പണം കൊണ്ടു

LIBRARY ARCHIVES Kerala Legislative Assembly

തന്നെ ഇപ്പോഴത്തേക്കാൾ എത്രയോ ഇരട്ടി ആളുകൾക്ക് മരുന്ന കൊടുക്കാൻ വൈദ്യന്മാർക്ക് കഴിയും. പക്ഷെ ആയുർവ്വേദ സമ്പ്രദായക്കാർക്ക് അതു നഷ്ടമായി തീരുമായിരിക്കാം. അതുമാത്രമേ മരുന്ന് വൈദ്യന്മാർക്കുണ്ടാക്കിക്കൂടാ എന്നു വച്ചിട്ടുള്ളതിനു് ന്യായമുള്ള.

മിസ്റ്റർ പി. എസ്. കേശവൻ നമ്പൂതിരി.—ഞാൻ ഇതിനെ എതിർക്കുന്നു. ഇങ്ങനെ ആയുർവ്വേദ സമ്പ്രദായത്തിൽനിന്നും മരുന്നു വാങ്ങുന്ന ഏർപ്പാടു വേണ്ടെന്നു വച്ചിട്ടു് ഓരോ വൈദ്യന്മാർക്കും മരുന്നുണ്ടാക്കിക്കൊള്ളുവാൻ അനുവാദം കൊടുത്തു കഴിഞ്ഞാൽ അതുകൊണ്ടു് പല കുഴപ്പങ്ങളും ഉണ്ടാകും. മരുന്നുണ്ടാക്കാനുള്ള പണം അവരുടെ കയ്യിൽ കിട്ടിക്കഴിഞ്ഞാൽ പിന്നെ "സർവ്വ രോഗവിനാശിനി" എന്ന ഒറ്റമരുന്നേ അവരുടെ കയ്യിൽ കാണുകയുള്ളു. പണം മുഴുവൻ തകരാറാകുകയും ചെയ്യും. അതുകൊണ്ടു് ഇതു് അനുവദിച്ചു കൊടുക്കുന്ന കാര്യത്തിൽ ഞാൻ എതിർക്കുന്നു.

മിസ്റ്റർ കെ. അയ്യപ്പൻ.—പരിശോധിയ്ക്കുമോ? പരീക്ഷ പാസാകാത്തവരെ ആരേയും വൈദ്യന്മാരായിട്ടു വച്ചിട്ടില്ല.

മിസ്റ്റർ പി. എസ്. കേശവൻ നമ്പൂതിരി.—അവർ പരീക്ഷ പാസായിട്ടുള്ളവരാണെങ്കിൽ തന്നെയും എല്ലാ മരുന്നും അവർക്കുണ്ടാക്കാൻ സാധിയ്ക്കയില്ല.

മിസ്റ്റർ കെ. അയ്യപ്പൻ.—അനുവാദം കൊടുത്തിട്ടു് അവർ എല്ലാ മരുന്നുകളും ഉണ്ടാക്കി വച്ചിട്ടുണ്ടോ എന്നന്വേഷിയ്ക്കുമോ?

Deputy President.—Order, order, please.

മിസ്റ്റർ പി. എസ്. കേശവൻ നമ്പൂതിരി.—മരുന്നുകൾ ഓരോ ദിക്കിലും പലമാതിരികൾ കിട്ടും. ഫാക്ടറി ആവശ്യത്തിലുള്ള ക്ഷീരബലാ ഔൺസിനു് ഒരണ വ്യത്യാസം കിട്ടും. ഫാക്ടറി ശുപായ്ക്കും കിട്ടും. അതു് പ്രത്യേകം അവിടവിടെ ഉണ്ടാക്കുകയാണെങ്കിൽ ആളുകൾക്കു് വളരെ ബുദ്ധിമുട്ടായിരിയ്ക്കും. അങ്ങിനെ ചെയ്യുന്നതിനേക്കാൾ നല്ലതാണു് സമ്പ്രദായത്തിൽനിന്നും വാങ്ങുന്നതു് എന്നു ഞാൻ പറയുന്നില്ല. പക്ഷെ ഗവർമ്മെണ്ടിനു് വിശ്വാസമുള്ളതായ ചില ഡിസ്പെൻസറികൾ പരിശോധിച്ചു് അവിടെ മരുന്നുണ്ടാക്കി കൊടുക്കുവാനുള്ള ഏർപ്പാടുകൾ ചെയ്യണം. അതിലേയ്ക്കു് പ്രത്യേകിച്ചു് ഒരു നിയമം വയ്ക്കണം. നിയമം വയ്ക്കാതെകണ്ടു വൈദ്യന്മാരുടെ കയ്യിൽ ശുപായും കൊടുത്തു് മരുന്നുണ്ടാക്കുവാൻ അധികാരവും കൊടുത്താൽ ശുപാ നാനാവിധമാകും. അതനുവദിക്കാതിരിയ്ക്കണമെന്നാണു് എന്റെ അപേക്ഷ. അതുകൊണ്ടു് കൂടുതൽ വിശ്വാസമുള്ള ഷാപ്പുകളിൽനിന്നും വാങ്ങുവാനുള്ള നിയമം വയ്ക്കണം. ഇംഗ്ലിഷു് വൈദ്യത്തിനു് ഇപ്പോൾ പോരാൻ മെഡിസൻ എന്നു പറഞ്ഞാൽ നാട്ടൊട്ടുക്കു് വലിയ പ്രസിദ്ധിയുണ്ടു്. അതുമാതിരി നാട്ടു വൈദ്യത്തിനു് പ്രസിദ്ധിയുണ്ടായിട്ടില്ല. ഗവർമ്മെണ്ടിനുതന്നെ പരിശോധനയുണ്ടെങ്കിൽ മരുന്നുണ്ടാക്കുകയാണെങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly

ഞതിൽ എല്ലാവർക്കും വിശ്വാസമുണ്ടാകും. അതല്ലാതെ ഇതര തരത്തിൽ ഒരു പ്രമേയം പാസാക്കി കഴിഞ്ഞാൽ വലിയ കുഴപ്പമുണ്ടാകുമെന്നാണ് പറയുന്നു".

മിസ്റ്റർ പി. ഗോപാലമേനോൻ—ഞാൻ ഈ ഉപരക്ഷപത്തെ പിൻതാങ്ങുന്നു. ഈ ഉപരക്ഷപം കൊണ്ടുവന്ന ആൾ തന്നെ പറയുന്നു "വൈദ്യന്മാർക്ക്" ആരാണ് വൈദ്യരാണെന്ന് തീരുമാനിക്കുവാൻ അധികാരമുള്ളതെന്ന്". അങ്ങിനെ അധികാരമുള്ളതായാൽ ക്ഷ ൦ ൦ രൂ. കൊണ്ട് ൨ ൦൦ രൂ. യ്ക്ക് വാങ്ങുന്ന മരുന്നിന്റെ ഫലം ഉണ്ടാക്കുവാൻ സാധിയ്ക്കും. എന്നാൽ കേരളീയ ആയുർവ്വേദ സമാജത്തിൽനിന്നും മരുന്ന് വങ്ങുന്നതിൽ എല്ലാവർക്കും വിശ്വാസമുണ്ടാകയില്ലെന്നു പറഞ്ഞതു് ശരിയല്ല. മരുന്നാകും അവനവൻ ഉണ്ടാക്കി കൊടുക്കുന്നതായാൽ അവനവന്റെ യുക്തിക്കനുസരിച്ച് ഉണ്ടാക്കികൊടുക്കാവുന്നതാണ്. ചിറ്റൂരിൽ മുനിസിപ്പാലിറ്റിയുടെകീഴിൽ ഒരു വൈദ്യശാല ഉണ്ടായിരുന്നു. അതിരുന്നു് മരുന്നാകും കേരളീയ ആയുർവ്വേദ വൈദ്യശാലയിൽനിന്നു വാങ്ങുന്നതാണെന്നു പറഞ്ഞതു് ഞാനറിഞ്ഞതു പഞ്ചായത്തു സൂപ്രണ്ടു് കവലയായി. രാമം പിടിച്ചു നിർബ്ബന്ധിച്ചു. എന്നാൽ ഞാൻ അതു് ശ്രദ്ധിക്കാതെ ഗവർമ്മെണ്ടിലേയ്ക്കു് എഴുതി മരുന്നാകും അവിടെതന്നെ ഉണ്ടാക്കുവാൻ അനുവാദം വാങ്ങി. അവിടെ യാതൊരുവിധത്തിലും മരുന്നുണ്ടാക്കുവാൻ ചീനക്കാർക്കു് കൃഷ്ണിയാംവണ്ണം മനസ്സിലാക്കുവാൻ പോന്നിരുന്നു. അതുകൊണ്ടു് വൈദ്യന്മാരെ എഴുതിയുണ്ടാക്കുന്നതുകൊണ്ടു് വൈഷമ്യമൊന്നും നേരിടാനില്ല. പക്ഷെ പണം വാങ്ങി അവരുടെ കയ്യിൽ കൊടുത്താൽ മാത്രം പോര. അവരുടെ പ്രവൃത്തനയിൽ തക്കതായ മേൽനോട്ടണം അത്യാവശ്യമാണ്. എന്നാൽ ഇപ്പോൾ ചിലവാകുന്ന പണംകൊണ്ടുതന്നെ സാധുക്കൾക്കു് വേണ്ടത മരുന്നുണ്ടാക്കി കൊടുപ്പാൻ സാധിയ്ക്കും. അതു് പഞ്ചായത്തു രജിസ്ട്രാരുടെ മേൽനോട്ടത്തിൻ കീഴിലായിരുന്നാൽ യാതൊരു ദോഷത്തിനും അവകാശമില്ല. അല്ലാതെ ഇങ്ങിനെതന്നെ ചെയ്യുന്നതായാൽ യാതൊരു ഉപകാരവും ഇല്ലെന്നല്ല പല ദോഷങ്ങൾക്കും കാരണവുമാണ്.

മിസ്റ്റർ സി. എൻ. മുത്തുനായർ.—ഗവർമ്മെണ്ടു് സെൻഡർ മുഖേന മരുന്നുണ്ടാക്കുവാൻ ഉള്ള ഏർപ്പാടുകൾ ചെയ്താൽ പോരെയാണ്?

മിസ്റ്റർ പി. വി. രാഘവൻ.—അതു് തീർച്ചയാക്കിട്ടില്ല.

മിസ്റ്റർ ടി. പി. രാമചന്ദ്രയ്യർ.—നാട്ടുപുറങ്ങളിലുള്ള സ്ഥലങ്ങളിൽ നിന്നാണ് മരുന്നുണ്ടാക്കുവാൻ വേണ്ട സാമാനങ്ങൾ—മരുന്നാകും—എല്ലാം കൊണ്ടുപോകുന്നതു്. അങ്ങിനെ അതും ഇവിടെനിന്നും അവിടെ കൊണ്ടുപോയി യോഗങ്ങളെല്ലാംകൂടി ചേരുന്നതാക്കിട്ട് തിരിയെ ഇങ്ങോട്ടു തന്നെ കൊണ്ടുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ നിന്നും ഒരു മരുന്നു വാങ്ങിയച്ച് അവിടെവച്ചു പാകപ്പെടുത്തി ഇങ്ങോട്ടയച്ചാൽ അതിന്റെ വില പതിന്മടങ്ങാകും. അങ്ങിനെയൊന്നുകൊണ്ട് ഇപ്പോഴത്തെ മരുന്നുകളുടെ ദൗർലഭ്യം നിലയിൽനിന്നും കൂടുതൽ പണം കൊടുത്താണ് വാങ്ങിയിരിക്കുന്നത്. സാധാരണമായി ആയുർവ്വേദ വൈദ്യശാലകളിലുള്ള വൈദ്യന്മാർ മരുന്നുകളുടെ വിവരം ആളുകൾക്കു കാണിച്ചുകൊടുത്തു് ആവശ്യക്കാർ ഉണ്ടാക്കുകയാണ് പതിവു്. അതൊന്നും പഠിച്ചിട്ടില്ലാത്തവരാണ്; അവരെ വിശ്വസിക്കുവാൻ കൊള്ളുകയില്ല എന്നു പറയുന്നതു് ശരിയല്ല. പരീക്ഷ ജയിച്ചുവരെ വച്ചിട്ടുള്ള സ്ഥിതിയ്ക്ക് അവരെന്നെ മരുന്നാണാക്കുന്നു കാട്ടിയതിലും വിശ്വസിയ്ക്കണം. വല്ലതും തെറ്റു കണ്ടാൽ അപ്പോൾ അവരെ ശിക്ഷിയ്ക്കണം. ഇവരിൽ ആരേയും വിശ്വസിയ്ക്കുകയില്ല; രാജവൈദ്യമാത്രമേ വിശ്വസിയ്ക്കുകയുള്ളുവെന്നുപറഞ്ഞായ് കൂടുമോ?

ശാസ്ത്രക്രിയപ്രകാരം ഔഷധമുണ്ടാക്കുകയാണെങ്കിൽ ഓരോ മരുന്നുകളുണ്ടാക്കുന്നതിനും മുപ്പുകളുണ്ടു്. അതു് പരീക്ഷിച്ചശേഷമുള്ളവയ്ക്കു് നിശ്ചയമുണ്ടാകും. പത്തും, ഇരുപതും ഗ്രാൻ തൂക്കമുണ്ടാക്കിയാൽ ചിലപ്പോൾ മുപ്പു കുറച്ചു് വിശ്വസിച്ചുകൊടുക്കാവുന്നതാണ്. കുറച്ചു മരുന്നുണ്ടാക്കി മുപ്പു വിശ്വസിച്ചാൽ ഉപയോഗിച്ചുകൊണ്ടു തരക്കേടില്ല. വളരെ ഗ്രാൻ തൂക്കമുണ്ടാക്കുന്നതായാൽ അങ്ങനെ വിശ്വസിച്ചുകൂടാ എല്ലാം ഉപയോഗിച്ചുനോക്കുകയില്ല. അതു് വൈദ്യന്മാർ വിശ്വസിച്ചുകൊടുക്കാത്തതായാൽ അതിന്റെ ദോഷം എല്ലാവരും അനുഭവിക്കേണ്ടിവരും. ഓരോരുത്തക്കും മരുന്നുണ്ടാക്കാൻ അനുവാദം കൊടുത്താൽ അതു് ദോഷമാണെന്നു പറയുന്നതു് തീരെ തെറ്റാണ്. അതുകൊണ്ട് ഓരോ പഞ്ചായത്തു വൈദ്യശാലകളിലും മരുന്നുണ്ടാക്കുവാൻ അനുവദിയ്ക്കണമെന്നാണ് എന്റെ അഭിപ്രായം.

മിസ്റ്റർ ടി. കെ. നായർ.- ഈ വിഷയത്തിൽ ഗവൺമെണ്ടിനും വളരെ ബുദ്ധിമുട്ടുണ്ടാകും എന്നാണ് ഞാൻ വിചാരിയ്ക്കുന്നതു്. പഞ്ചായത്തു വൈദ്യന്മാർക്ക് മരുന്നുണ്ടാക്കാൻ അനുവാദം കൊടുത്തില്ലെങ്കിൽ അതു കഷ്ടമാണ്; എന്നാൽ കൊടുക്കുന്നതും കഷ്ടമാണ്. ഇതിനെപ്പറ്റിയും ആലോചിച്ചാൽ അതു് അകപ്പാടെ കഷ്ടമാണ്. ഇതിനെപ്പറ്റിയും ഡിപ്പാർട്ടുമെന്റിൽനിന്നും തന്നെ വല്ലതും ആലോചിച്ചു് ഒരു വഴി നിശ്ചയിയ്ക്കണം. വൈദ്യന്മാരുടെ കയ്യിൽ പണം കൊടുക്കണമെന്നും, പാടില്ലെന്നും മറ്റും സംസാരിയ്ക്കുന്നതിൽ അർത്ഥമില്ല. ഇവിടെ പറഞ്ഞ ന്യായങ്ങളൊന്നും ഇതിനു ബാധകമല്ല. പ്രസിഡെണ്ടിന്റെ കീഴിൽ വച്ചു തന്നെ ഈ കാര്യങ്ങൾ നടത്തുവാൻ നിശ്ചയിച്ചാൽ അതും സാധിയ്ക്കുവല്ലോ. ഓരോ ചിങ്ങം മുതൽ വൈദ്യശാലകളെല്ലാം ഡിപ്പാർട്ടുമെന്റിന്റെ കീഴിലാണ്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. വി. റാഫേൽ.—പഞ്ചായത്തുരജിസ്ട്രാരുടെ ചുമതലയും കൂടി ഉണ്ടായിരിയ്ക്കും.

മിസ്റ്റർ ടി. കെ. നായർ.—ഈ അധികാരത്തിനും മേൽനോട്ടത്തിനും തമ്മിൽ വളരെ വ്യത്യാസമുണ്ട്. ഡിസ്പ്പാട്ട്മെന്റിന്റെ കീഴിൽ ധാരാളം പഞ്ചായത്തു വൈദ്യശാലകളുണ്ട്. വൈദ്യന്മാരെകൊണ്ടുതന്നെ മരുന്നുണ്ടാക്കിച്ച് അവക്ക് ചെലവുകൊടുക്കുക എന്നുള്ളതു അത്ര സൌകര്യമായിട്ടുള്ളതാണോ എന്നു സംശയമാണ്. എന്നാൽ ഞാൻ അതിനു വിരോധമായി സംസാരിയ്ക്കുവാൻ തയ്യാറില്ല. ഡിസ്പ്പാട്ട്മെന്റിൽ നിന്നും തന്നെ പ്രത്യേകമായി മരുന്നുകളുണ്ടാക്കി കൊടുത്താൽ തീർച്ചയായും ഇപ്പോഴത്തിലുള്ളതിലധികം മരുന്നുകൾ ഓരോ വൈദ്യശാലകൾക്കും കിട്ടാനിടയുണ്ട്. സമാജത്തിൽ നിന്നും ഒരുരൂപ കയ്യിൽ വാങ്ങുന്ന മരുന്നിന്റെ ഈ ഇരട്ടി അതേ സംഖ്യ കൊണ്ടു നമുക്കുണ്ടാക്കുവാൻ കഴിയും. എല്ലാ ഔഷധങ്ങളും ഇവിടെ തന്നെയുണ്ടാക്കിയാൽ അതിൽ നിന്നും വലിയ ലാഭവും കിട്ടും. ആ സംഗതി ഡിസ്പ്പാട്ട്മെന്റിൽ നിന്നും പ്രത്യേകമായി ആലോചിച്ചു ചെയ്യേണ്ടതാണ്. ഒന്നോ രണ്ടോ ആളുകൾ സംസാരിച്ചതുകൊണ്ടു ചെയ്യേണ്ട ഒരു കാര്യമല്ല ഇതു. പ്രധാനമായി സെൻട്രൽ ആയുർവ്വേദ ഹാസ്പിറ്റലിൽ തന്നെ ഇതു ഉണ്ടാക്കുവാൻ വേണ്ട ഏർപ്പാടുകൾ ചെയ്യുന്നതിനു കഴിയുമോ എന്നാലോചിയ്ക്കേണ്ടതാണ്. എല്ലാ പഞ്ചായത്തുകൾക്കും കൂടി ഒരു കേന്ദ്രസ്ഥാപനം വേണം. അങ്ങിനെ മരുന്നുണ്ടാക്കികൊടുക്കുന്നതിനുള്ള ഏർപ്പാടുകൾചെയ്തുകൊടുക്കുകയാണു വേണ്ടതു.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ.—ഇവർ സമാജത്തിൽപോയി വാങ്ങണമോ?

മിസ്റ്റർ പി. വി. റാഫേൽ.—അതെ.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ.—ചെലവുണ്ടോ?

മിസ്റ്റർ പി. വി. റാഫേൽ.—പോയി വാങ്ങുന്നതിനു ചെലവുണ്ട്.

ഡാക്ടർ കെ. ശങ്കരമേനോൻ.—ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുന്നു. വൈദ്യന്മാരെല്ലാപ്രദേശം ഉത്തരവാദിത്വവും പരിചയവും ഉള്ളവരാണ്. അതുകൊണ്ടു അവർ മരുന്നുണ്ടാക്കുന്നതിൽ വൈമനസ്യം കാണിക്കുവാൻ ഇടയുണ്ടെന്നു തോന്നുന്നില്ല. അവർക്കു മരുന്നുണ്ടാക്കുവാൻ കഴിയുന്നില്ലെങ്കിൽ പിന്നെ അവർ ഏതു മാതിരിയിലാണു ചികിത്സിക്കുവാൻ പോകുന്നതു? മരുന്നുകൾ ഉണ്ടാക്കിപ്പാർപ്പിക്കുന്നതിനു ദോഷമാണു ചികിത്സകന്മാരാകുന്നതു തന്നെ. ആ ഒരു ഭാഗത്തെപ്പറ്റി അവർക്കു നിശ്ചയമില്ലെങ്കിൽ അവർക്കു ചികിത്സകന്മാരായിരിപ്പാനും സാധിക്കുകയില്ല. അവർ മരുന്നുണ്ടാക്കുന്നതു കച്ചവടത്തിനും മാത്രമല്ല. അതു ചികിത്സയുടെ ആവശ്യത്തിനു തന്നെയാണ്. ചികിത്സിക്കുവാനുണ്ടാക്കുന്ന മരുന്നും കു

LIBRARY ARCHIVES Kerala Legislative Assembly

ച്ചുവടത്തിനായി ഉണ്ടാക്കി വച്ചിട്ടുള്ള മരുന്നും തമ്മിൽ വലുതെ വ്യത്യാസമുണ്ട്. കച്ചവടത്തിനുള്ള മരുന്നാണെങ്കിൽ ഈ ഗുണദോഷമൊക്കെ ചിന്തിക്കേണ്ടതാണ്. നല്ല മരുന്ന് ഉണ്ടാക്കിച്ചു ചികിത്സിച്ചില്ലെങ്കിൽ ആ വൈദ്യനെ അധികം വിശ്വസിക്കയില്ല. അഥവാ അവരുടെ മരുന്നാകാം കാരണം പ്രടാതെ ചിലർക്ക് ചീത്തയാണെന്നു തോന്നിയാലും അതുകൊണ്ടു ദിനം മാറുകയാണെങ്കിൽ അതിനേക്കാൾ കൂടുതലായി മരുന്നിന്റെ ഗുണിയായ യോഗ്യതയെയൊ തെളിയിക്കുന്നതല്ല. വൈദ്യന്മാർക്ക് ഔഷധം ഉണ്ടാക്കുന്ന വിഷയത്തിൽ നല്ല പരിചയമുണ്ട്. അവരെ ഇതിനനുവദിക്കുവാൻ വിരോധമൊന്നുമുണ്ടെന്നു തോന്നുന്നില്ല.

പിന്നെ ഓരോരുത്തരുടേയും ചികിത്സാരീതി ഓരോരോതരത്തിലായിരിക്കും. മരുന്നുണ്ടാക്കുന്നതിലുതന്നെ പല തരത്തിലുള്ള യോഗങ്ങളുണ്ട്. എല്ലാവർക്കും ഒരേ തരത്തിലുള്ള മരുന്നാഫലിക്കുകയുമില്ല. ഓരോ വൈദ്യനും പ്രത്യേക രീതിയിൽ അവരവിന്റെ ചികിത്സാക്രമമനുസരിച്ചുള്ള മരുന്നുകൾ ഉണ്ടാക്കിയില്ലെങ്കിൽ എല്ലാവരേയും ശരിയായി ചികിത്സിക്കുവാൻ സാധിക്കുകയില്ല. ഈ മരുന്നുകൾ നിശ്ചയിക്കുന്നതു തന്നെ ഓരോ തരത്തിലാണ്. അതിനു ദിനത്തിന്റെ നില, ദേശം, കാലം, വയസ്സ് ഇതെല്ലാം നോക്കണം. ചികിത്സയെപ്പറ്റി പ്രതിപാദിക്കുന്ന അനവധി ഗ്രന്ഥങ്ങളുണ്ട്. ഓരോ വൈദ്യൻ ഓരോന്നായിരിക്കും അനുസരിക്കുന്നത്. ഒരാൾക്ക് പനി ഉണ്ടായി എന്നു വച്ചാൽ അതിന് ഒരു മരുന്നു നിശ്ചയിക്കാം. പക്ഷെ ആർക്കെങ്കിലും എവിടെ വച്ചും പനിയുണ്ടായാലെല്ലാം ആ മരുന്നു തന്നെ ഉപയോഗിപ്പാൻ പാടില്ല. അങ്ങിനെ ഒരു സർവ്വസാധാരണമായ സമ്പ്രദായം എനിക്കറിഞ്ഞുകൂടാ. വൈദ്യന്മാർ അവരവർ തന്നെ മരുന്നുകൾ ഉണ്ടാക്കി ചികിത്സിക്കുകയാണ് ഏറ്റവും നല്ലത്. കേരളീയ ആയുർവ്വേദ സമാജത്തിലുണ്ടാക്കുന്ന മരുന്നുകൾ കൊണ്ട് ഈ വിധത്തിൽ ചികിത്സകൾ നടത്തുവാൻ തരമുണ്ടെന്നു തോന്നുന്നില്ല. ഇങ്ങനെ ഓരോ വൈദ്യനേയും അനുവദിക്കുന്നതിൽ എന്താണ ദോഷം? അവരെ നാം വിശ്വസിക്കണം. അവർ ശരിക്കു ചികിത്സ നടത്തുന്നില്ലെന്നു കണ്ടാൽ അവരെ പറഞ്ഞയച്ചുകളയണം. അവരെ വിശ്വസിക്കാതിരിക്കുന്നത് ഒരിക്കലും ശരിയല്ല. അതുകൊണ്ട് മരുന്നുകളുണ്ടാക്കുന്നതിനു അവരെ അനുവദിക്കേണ്ടതാണ്.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ.—ഞാൻ ഈ ഉപക്ഷേപത്തെ പിൻതാങ്ങുന്നു. അനുദ്യോഗസ്ഥന്മാരുടെ യോഗ്യതയെ പരിശോധിച്ചും യോഗ്യരാക്കുന്നതിനും ചില അഭിപ്രായങ്ങളുണ്ടായിട്ടുണ്ടായിരുന്നു. ചിലർ ഇവിടെ അഭിപ്രായപ്പെട്ടതു പഞ്ചായത്തു വൈദ്യന്മാർ കുറച്ചിലുള്ളവരാണെന്നാണ്; അവരുടെ കയ്യിൽ പണംകൊടുത്താൽ മരുന്നുകിട്ടുകയില്ലെന്നും എന്നൊക്കെയാണ്.

LIBRARY ARCHIVES Kerala Legislative Assembly

നമ്മുടെ രാജ്യത്തുള്ള പഞ്ചായത്തു വൈദ്യന്മാരെപ്പറ്റി ഉയ ഹമായിട്ടു് അവർ കള്ളന്മാർ എന്നു പറയുന്നതിനർത്ഥമില്ല. അ ല്ലാതെ അവരുടെ ഇടയിൽ പരിചയിച്ചിട്ടുള്ളവർക്കും ഇവർ ക ള്ളന്മാരാണു് എന്നുപറയുവാനുള്ള മനസ്ഥിതിയുണ്ടായിരുന്നു്യില്ല. പഴയന്നൂർ മെമ്പർ ഇവിടെ പറയുകയുണ്ടായി, ഇപ്പോൾ വൈദ്യ ശാലകളെല്ലാം പ്രസിഡൻറിന്റെ കീഴിലാണെങ്കിലും ഫലം വ ഇങ്ങും പിറന്നാൽ ഡിപ്പാർട്ട്മെൻറിന്റെ കീഴിലാകുമെന്നു്. അ ങ്ങനെ ഡിപ്പാർട്ട്മെൻറിന്റെ കീഴിലായാലും ഇതിനെ സംബ ന്ധിച്ചു പരിശോധിയ്ക്കുവാൻ രാജസ്ത്രീകൾ അവർകളുടെ കീഴിൽ ആ ളുകളുണ്ടാകും. വൈദ്യന്മാർ എത്ര വഴിതെറ്റിപ്പോയാലും അ തെല്ലാം പരിശോധിച്ചു ശരിപ്പെടുത്തുവാൻ ഡിപ്പാർട്ട്മെൻറിൽ തീച്ചയായും ആളുകളുണ്ടാകും. ശരിയായി പരിശോധിച്ചു ചി കിത്സ നിശ്ചയിക്കുന്നുണ്ടോ, അവർ നല്ലവണ്ണം വൈദ്യം പരി ലിച്ചിട്ടുണ്ടോ, മരുന്നുകൾ നല്ലവണ്ണം ഉണ്ടാക്കിക്കൊടുക്കുന്നുണ്ടോ എന്നെല്ലാം പരിശോധിയ്ക്കുന്നതിനുള്ള ആളുകളുണ്ടു്. ഈ സ്ഥി തിയ്ക്കു് പണം നഷ്ടമാകുമെന്നു പറയുന്നതു ശരിയല്ല. വൈദ്യ ന്മാരുടെ കയ്യിൽ പണം കൊടുത്തു് അവരുടെ ഇഷ്ടമനുസരിച്ചും ചികിത്സാക്രമമനുസരിച്ചുമുള്ള മരുന്നുകളുണ്ടാക്കുവാൻ അനുവദി യ്ക്കുകയാണു് നല്ലതു്. കേരളീയസമാജത്തിൽ ഉണ്ടാക്കിവച്ചിട്ടു ള്ളതു് ചിലപ്പോൾ ചീത്തയായിരിയ്ക്കാം, ചിലപ്പോൾ നന്നായി രിയ്ക്കാം, അതെങ്ങനെയെങ്കിലുമാകട്ടെ. അങ്ങനെ ഉണ്ടാക്കി വ ച്ചിട്ടുള്ളതു വാങ്ങുവാൻ പാടില്ലാത്തതാണു്. അതുകൊണ്ടു് ഞാൻ ഇതിനെ പിൻതാങ്ങുന്നു.

മിസ്റ്റർ എം. എ. ചാക്കോ —ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലിയ്ക്കുന്നു. ആയുർവ്വേദ ചികിത്സയിൽ പ്രേമമുള്ളവരായ ആ ളുകൾക്കു് അതായ സ്ഥലങ്ങളിൽ എളുപ്പമായും, കുറച്ചു കഷ്ടപ്പെ ട്ടും മരുന്നുകൾ ഉണ്ടാക്കാൻ കഴിയും. ചില സ്ഥലങ്ങളിൽ കാല ത്തിന്റെയും ദേശത്തിന്റെയും സ്ഥിതിയനുസരിച്ചു് ഗുളികകളും ലേഹ്യങ്ങളും എല്ലാം ഉണ്ടാക്കുവാൻ എളുപ്പത്തിൽ കഴിയുന്നതാ ണു്. എന്നാൽ മറ്റു ചില സ്ഥലങ്ങളിൽ അതു എളുപ്പത്തിൽ സാധിയ്ക്കയില്ല. ഇങ്ങനെ മരുന്നുകളുണ്ടാക്കുന്നതിനു വേണ്ട ചി ലവുകളും പ്രയാസങ്ങളും കാലദേശാവസ്ഥയ്ക്കനുസരണമായി വി ത്യാസപ്പെട്ടുമിരിയ്ക്കും. അവസ്ഥയ്ക്കു് ഏതു വിശേഷപ്പെട്ടതും, പ്ര യാസപ്പെട്ടുണ്ടാക്കേണ്ടതുമായ മരുന്നുകൾഎല്ലാം ഈ കേരളീയ ആ യുർവ്വേദ വൈദ്യശാലയിൽ പോയി വാങ്ങണമെന്നുള്ള ഏർപ്പാടു് ഉ ത്തമമായിട്ടുള്ളതാണെന്നു് എനിയ്ക്കു തോന്നുന്നില്ല. ബഹുമാന പ്പെട്ട വൈദ്യശാലാ മെമ്പർ ഈ കാര്യത്തിൽ പരിജ്ഞാനമുള്ള ഒ രാൾ ആയതുകൊണ്ടു് ആ മെമ്പരുടെ ഉപദേശം ഈ സഭയ്ക്കു് എ തിയും വിലയേറിയതാണെന്നുള്ളതു് സംശയമില്ലാത്തതാണു്.

LIBRARY ARCHIVES Kerala Legislative Assembly

വൈദ്യന്മരെ, തങ്ങളുടെ ജീവപരിപാലനകാര്യം ഏല്പിച്ചുകൊടുക്കുവാൻ വരുന്ന ആളുകൾ അതായതു വൈദ്യശാലകളിലെ വൈദ്യന്മാർ ഉണ്ടാക്കുന്ന മരുന്നുകളെ വിശ്വസിയ്ക്കുവാൻ പാടില്ലെന്നു പറഞ്ഞാൽ, ഈ ആയുർവ്വേദ സമാജത്തിലുണ്ടാക്കുന്ന മരുന്നുകളെ വിശ്വസിച്ചു് ആരുംതന്നെ പഞ്ചായത്തു വൈദ്യന്മാരുടെ അടുക്കൽ പോകയില്ല. പഞ്ചായത്തുവൈദ്യന്മാരെല്ലാം ചികിത്സാക്രമത്തിൽ ജ്ഞാനമുള്ളവരാണു്. അനേകം രോഗികൾക്കു ചികിത്സിച്ചു് അനുഭവപ്പെട്ടിട്ടുള്ളവരുമാണു്. ആ വിശ്വാസം വച്ചുകൊണ്ടാണു് ഒരു വൈദ്യന്റെ അടുക്കൽ ഒരു രോഗി പോകുന്നതു്. രോഗിയ്ക്കു ചികിത്സ നിശ്ചയിച്ചു് സുഖപ്പെട്ടുവെന്നു കണ്ടുകഴിഞ്ഞാൽ രോഗിയുടെ ആളുകൾക്കും വൈദ്യന്റെ പേരിൽ വിശ്വാസമുണ്ടാകും. ഏതൊരു മരുന്നും പുറമെനിന്നും വാങ്ങിക്കൊണ്ടുവന്നു ചികിത്സിയ്ക്കുവാൻ ഒരു വൈദ്യനും വിശ്വാസമുണ്ടായിരിയ്ക്കുകയില്ല. ഇതിൽ പ്രത്യേകമായി ഒരു സംഗതി ആലോചിയ്ക്കുവാനുള്ളതു് ഒരാളെ വിശ്വസിയ്ക്കുന്നുവെങ്കിൽ നല്ലപോലെ വിശ്വസിയ്ക്കണം. വിശ്വസിയ്ക്കുവാൻ കൊള്ളുകയില്ലെങ്കിൽ ഉടനെ അയാളെ ദൂരീകരിയ്ക്കണം. അല്ലാതെ രണ്ടിനും മദ്ധ്യേ ഏർപ്പെട്ടാൽ കാര്യമെല്ലാം കഷ്ടത്തിലാകുമെന്നാണു് എന്റെ അഭിപ്രായം.

മിസ്റ്റർ പി. വി റാഫേൽ.—ആദികാലത്തു് ഈ വൈദ്യന്മാർതന്നെയാണു് മരുന്നുകളുണ്ടാക്കിയിരുന്നതു്. പക്ഷെ ആ സിസ്റ്റം നന്നായി പര്യവസാനിക്കാത്തതുകൊണ്ടു് വേറെ ഒരു സിസ്റ്റം ഏർപ്പെടുത്തിയാൽ കൊള്ളാമെന്നു താല്പര്യമുണ്ടായി. അങ്ങനെയിരിക്കുന്ന കാലത്താണു് കൌൺസിൽതന്നെ കേരളീയ ആയുർവ്വേദസമാജക്കാരെ പ്രോത്സാഹിപ്പിക്കണം, അവർക്കു് ഗവർമ്മെണ്ടിൽനിന്നും കഴിയുന്നതു സഹായങ്ങൾ ചെയ്തുകൊടുക്കണമെന്നുള്ള ഒരു പ്രമേയം പാസാക്കിയതു്. അതനുസരിച്ചു് അവിടെതന്നെ നമുക്കാവശ്യമുള്ള മരുന്നുകളെല്ലാം ഉണ്ടാക്കുവാൻ ഏർപ്പാടുചെയ്യുകയും, അവർ അതിനെല്ലാം ഒരു കമ്മീഷനോടുകൂടി തന്നുകൊള്ളാമെന്നു വാഗ്ദാനംചെയ്യുകയും ചെയ്തിട്ടുള്ളതാണു്. അങ്ങനെയാണു് അവരെ ഏല്പിച്ചിട്ടുള്ളതു്. എന്നാൽ അവർ തരുന്നമരുന്നുകൾ വിശ്വാസയോഗ്യമല്ലെന്നു് ഇതുവരെ വൈദ്യന്മാരാരും പറഞ്ഞിട്ടുള്ളതായി ഓർക്കുന്നില്ല. അവയുടെ വില കൂടുതൽ അധികമാണെന്നു് ചിലപ്പോഴെല്ലാം ഈ വൈദ്യന്മാർ പറഞ്ഞുകേട്ടിട്ടുണ്ടു്. അല്ലാതെ മരുന്നുകളെല്ലാം പഴക്കംചെന്നതാണെന്നോ പ്രയോജനമില്ലാത്തതാണെന്നോ ഉള്ള യാതൊരാക്ഷേപവും ഇതുവരെ കേട്ടതായി ഓർക്കുന്നില്ല. മരുന്നുകൾക്കു വിലകൂടിപ്പോണ്ടെന്നുള്ളതു് കുറച്ചു വാസ്തവമാണെന്നു തോന്നുന്നു. എന്നാൽ ഈ സംഗതിയെപ്പറ്റി അവതാരകൻ പറഞ്ഞമാതിരി ഗവർമ്മെണ്ടിൽനിന്നും ഇപ്പോൾ ചിലവുചെയ്യുന്ന പണംകൊണ്ടു്

LIBRARY ARCHIVES Kerala Legislative Assembly

കഴിയുന്നിടത്തോളം മരുന്നുകൾ അധികമായി ഉണ്ടാക്കികൊടുത്താൽകൊള്ളാമെന്നു താല്പര്യമുണ്ട്. അതിനെ സംബന്ധിച്ചിടത്തോളം സെൻട്രൽ ഡിസ്പെൻസറി തുടങ്ങിക്കഴിഞ്ഞാൽ ചിലതെല്ലാം ചെയ്യുവാൻ സാധിയ്ക്കുമെന്നാണ് തോന്നുന്നത്.

മിസ്റ്റർ കെ. അയ്യപ്പൻ.—ഗവമ്മെണ്ടിൽനിന്നും കൊടുക്കുന്ന പണം മുഴുവൻ ഇതിനും എടുക്കുന്നുണ്ടോ?

മിസ്റ്റർ പി. വി. റാഫേൽ.—അവരുടെ മരുന്നും ഗവമ്മെണ്ടിൽനിന്നും കൊടുക്കുന്ന മരുന്നും രണ്ടും കൂടി ഒന്നിച്ചു കൂട്ടിക്കലർത്താൻ പാടില്ലാത്തതാണ്.

മിസ്റ്റർ കെ. അയ്യപ്പൻ.—ഞാൻ പറഞ്ഞിട്ടുള്ള അഭിപ്രായങ്ങളെ ആരും ഇവിടെ ഖണ്ഡിച്ചു പറഞ്ഞിട്ടില്ല. ഖണ്ഡിയ്ക്കുവാൻ വകയുമില്ല. ദിവസമൊന്നിനു് വ്യത്യാസം. വീതമാണ് മരുന്നുവകയ്ക്ക് ഓരോ വൈദ്യശാലകൾക്കും അനുവദിച്ചിട്ടുള്ളതു്. അതിനുള്ള മരുന്നു് രാവിലെതന്നെ തീരും. പിന്നെവരുന്നവരോടു് മരുന്നില്ല; വേറെ എടുക്കാൻ നിവൃത്തിയുമില്ല എന്നാണ് സാധാരണ ഓരോ വൈദ്യന്മാരും പറയാറുള്ളതു്. ഈ പ്രയാസം കുറയ്ക്കുവാൻ വേണ്ടിയാണു് ഞാൻ ഈ മോഷൻ അവതരിപ്പിച്ചതു്. അല്ലാതെ കേരളീയ ആയുർവ്വേദ സമാജക്കാരെ ആക്ഷേപിയ്ക്കാനല്ല. അവിടെനിന്നുള്ള മരുന്നുകൾ അധികവും ഒരു മാസം കഴിഞ്ഞാൽ പഴകും. പഴകിയാൽ ഒന്നിനും കൊള്ളാതെ കളയേണ്ടിവരുമെന്നേ ഞാൻ പറയുന്നുള്ളു.

മിസ്റ്റർ പി. വി. റാഫേൽ.—പഴക്കമാണെന്നു കണ്ടാൽ അപ്പോൾ കളയാനാവശ്യപ്പെട്ടാൽ. പഴക്കമുള്ള മരുന്നുകൾ ചിലവു ചെയ്യുന്നില്ല.

മിസ്റ്റർ കെ. അയ്യപ്പൻ.— എങ്ങിനെയായാലും ഈ കേരളീയ ആയുർവ്വേദ സമാജങ്ങത്തെ കരുതി പഞ്ചായത്തു വൈദ്യന്മാരുടെ സങ്കടം പരിഹരിയ്ക്കാതേയിരിയ്ക്കുന്നതു ശരിയല്ല. സെൻട്രൽ ഇൻസ്റ്റിട്ട്യൂട്ടു ഉണ്ടാക്കി അവിടെനിന്നു മരുന്നു് എല്ലാസ്ഥലത്തേയ്ക്കും അയയ്ക്കുവാൻ ഏർപ്പാടു ചെയ്യുന്നതുകൊണ്ടും മാറും ഫലമില്ല. മരുന്നുണ്ടാക്കുവാനുള്ള വൈദഗ്ധ്യമുള്ളവരെന്നു സർട്ടിഫിക്കറുള്ളവരെ മാത്രമേ വൈദ്യന്മാരായി ഗവമ്മെണ്ടു വച്ചിട്ടുള്ളു. പിന്നെ അവരെകൊണ്ടു മരുന്നുണ്ടാക്കിച്ചാൽ ദോഷമെന്താണുള്ളതു്. ഇംഗ്ലീഷു് മരുന്നുകളുടെ സമ്പ്രദായം അനുകരിച്ചാണു് സെൻട്രൽ സ്ഥാപനത്തിൽനിന്നുമരുന്നുവാങ്ങണമെന്നു് ഏർപ്പാടുണ്ടാക്കിയതു്. അതു് അർത്ഥമില്ലാത്ത അനുകരണമാണു്. ഇംഗ്ലീഷു് മരുന്നുപോലെയല്ല നാട്ടുമരുന്നു എന്നു് ഞാൻ ആദ്യം പറഞ്ഞല്ലൊ. വൈദ്യന്മാരെകൊണ്ടു തന്നെ മരുന്നുണ്ടാക്കിച്ചാൽ അവർ പലരെ സാധുക്കളെ വെറുതെ ചികിത്സിയ്ക്കാൻ ഇടയുണ്ടു്. ഈ ഉപക്ഷേപം പിൻവലിയ്ക്കുവാൻ ഞാൻ അനുവാദം ചോദിയ്ക്കുന്നു.

Motion withdrawn with leave of the House.

LIBRARY ARCHIVES Kerala Legislative Assembly

Motion No. 10.

As the following motion was not moved it was considered withdrawn.

Mr. T. A. Ramachandra Ayyar.—*To reduce the allotment of Rs. 25,000 for Lump provision for additional works by Re. 1.*

(The amount to be utilised only for the construction of urgent roads which were included in the budget but cancelled by the Diwan.)

Motion No. 11.

Mr. P. Kumaran Ezhuthassan.—*To reduce the allotment of Rs. 2,06,354 for contribution to Village Panchayats by Re. 1.*

ഈ ഉപക്ഷേപം ഗവമ്മെണ്ടിനോടു ഒരു ചോദ്യം ചോദിക്കുവാനായിട്ടു മാത്രം കൊണ്ടുവന്നിട്ടുള്ളതാണ്. എന്റെ നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട ഫറോക്ക് വില്ലേജുകൾക്കും കൂടി രണ്ടു പഞ്ചായത്തുകളുണ്ട്. തോളൂർ, കൈപറമ്പു്, അവണൂർ, അടാട്ടു് മുതലായ രണ്ടു പഞ്ചായത്തുകളുണ്ട്. ഇവ എല്ലാറ്റിനും കൂടി ഒരു വിഷ വൈദ്യനെ വച്ചു കിട്ടിയാൽ കൊള്ളാമെന്നുള്ള അപേക്ഷയാണു്. വിഷം തീണ്ടിയ ഒരാളെ നല്ലവണ്ണം വിശ്വസിച്ചു ചികിത്സിയ്ക്കുവാൻ യോഗ്യതയുള്ള ഒരു വൈദ്യന്റെ അടുക്കൽ എത്രയും വേഗത്തിൽ കൊണ്ടുപോകുന്നതിനു സാധിയ്ക്കുമോ അത്രയും ക്ഷണകരമായിട്ടുള്ളതാകുന്നു. സമയം അല്പം വൈകിയാൽ അപകടം നേരിടുമെന്നുള്ള നില വരുമ്പോൾ കഴിയുന്നതും അടുത്തുതന്നെ ഒരു വൈദ്യനെ വരുത്തുന്ന കാര്യത്തിൽ അനവധാനിയ്ക്കാതെയിരിയ്ക്കുവാൻ തരമില്ല. ഇതു് പന്ത്രണ്ടു വില്ലേജുകാർക്കും കൂടി ആവശ്യമുള്ള ഒരു കാര്യമായതുകൊണ്ടു് ഗവമ്മെണ്ടു് സഹായിക്കുമെന്നാണു ഞാൻ വിശ്വസിയ്ക്കുന്നതു്. ഇതിനെ കുറിച്ചു് എനിയ്ക്കു അധികമൊന്നും പറയുവാനില്ല ഗവമ്മെണ്ടിന്റെ മറുപടി കേട്ടതിനശേഷം വേണമെങ്കിൽ വല്ലതും പറയാനുള്ളതു് അപ്പോൾ പറഞ്ഞുകൊള്ളാം.

